وزارة الصحة العامة
Ministry of Public Health
State of Qatar • دولة قطر

# രോഗികളുടെ അവകാശങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും ബിൽ

صحتك. حقك
Your Health, Your Right

## അവകാശങ്ങൾ

ആരോഗ്യപരിപാലന സേവനങ്ങൾ സ്വീകരിക്കുന്ന സമയത്ത് മാത്രമല്ല തങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കപ്പെടുന്നതെന്നും സേവനം സ്വീകരിക്കുന്നതിന് മുമ്പും സേവനം സ്വീകരിച്ച് കഴിഞ്ഞും തങ്ങളുടെ അവകാശങ്ങൾക്ക് പ്രാബല്യമുണ്ടെന്നും രോഗികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

### 1. ബഹുമാനത്തോടെയുള്ള പരിചരണം

I. പ്രായമോ ലിംഗഭേദമോ മതമോ സംസ്കാരമോ കണക്കിലെടുക്കാതെ, അന്തസ്സോടെയും ബഹുമാനത്തോടെയും ചികിത്സിക്കപ്പെടുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.

II. ഉചിതമായ ശ്രദ്ധയോടെയും മത്സരക്ഷമതയോടും, അനാവശ്യ കാലതാമസങ്ങൾ ഇല്ലാതെയും, ആരോഗ്യപരിചരണ സേവനങ്ങളും ചികിത്സയും സ്വീകരിക്കുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.

III. ഹെൽത്ത് പ്രാക്റ്റീഷ്യണർമാരിൽ നിന്നും പരിചരണ ദാതാക്കളിൽ നിന്നും അത്യാവശ്യ ശാരീരികവും ധാർമ്മികവും പെരുമാറ്റപരവുമായ പിന്തുണ സ്വീകരിക്കുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.

### 2. സുരക്ഷ

I. ലൈസൻസുള്ള ഫെസിലിറ്റികളിൽ നിന്നും ഖത്തർ രാജ്യത്ത് പ്രാക്റ്റീസ് ചെയ്യാൻ ലൈസൻസുള്ള പ്രാക്റ്റീഷ്യണർമാരിൽ നിന്നും ചികിത്സ സ്വീകരിക്കുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.
സുരക്ഷിതവും ഉയർന്ന ഗുണനിലവാരമുള്ളതുമായ പരിചരണം പ്രതീക്ഷിക്കുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.

II. അത്യാവശ്യമായ ശുചിത്വവും ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും സുരക്ഷിതമായ അണുവിമുക്തിയും

III. പരിപാലിക്കുന്ന, ആരോഗ്യകരവും സുരക്ഷിതവും ഭദ്രവുമായൊരു അന്തരീക്ഷത്തിലും പുകവലി മണം ഇല്ലാത്തതുമായ അന്തരീക്ഷത്തിലും പരിചരണം സ്വീകരിക്കുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.

IV. അധാർമ്മികമായ പെരുമാറ്റമോ നിന്ദയോ അവഗണനയോ ഇല്ലാത്ത പരിചരണം സ്വീകരിക്കുന്നതിന് രോഗികൾക്ക് അവകാശമുണ്ട്.

V. വൈദ്യപരമായി ആവശ്യമാകുമ്പോഴോ രോഗി അഭ്യർത്ഥിക്കുമ്പോഴോ, വൈദ്യപരമായി അനുവദനീയമായ സാഹചര്യത്തിൽ, മറ്റൊരു ഫെസിലിറ്റിയിലേക്ക് റെഫർ ചെയ്യപ്പെടുന്നതിനുള്ള ഒപ്പം/അല്ലെങ്കിൽ മാറ്റപ്പെടുന്നതിനുള്ള അവകാശം രോഗിക്കുണ്ട്..

### 3. വിവരങ്ങൾ

I. തന്നെ പരിചരിക്കുന്ന ഫിസിഷ്യന്റെയും മറ്റെല്ലാ ഫിസിഷ്യന്മാരുടെയും പേരും പദവിയും തന്റെ പരിചരണത്തിൽ നേരിട്ട് പങ്കെടുക്കുന്ന മറ്റ് ആരോഗ്യപരിചരണ വ്യക്തികളുടെ പ്രവർത്തനങ്ങളും അറിയാനുള്ള അവകാശം രോഗികൾക്കുണ്ട്.

II. തങ്ങളുടെ രോഗനിർണ്ണയം, ചികിത്സാ മാർഗ്ഗങ്ങൾ, പാർശ്വഫലങ്ങൾ, സങ്കീർണ്ണതകൾ, അനഭിലഷണീയ പ്രഭാവങ്ങൾ എന്നിവയെ കുറിച്ചുള്ള കൃത്യവും സമ്പൂർണ്ണവും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതുമായ വിവരങ്ങൾ അറിയുന്നതിനുള്ള അവകാശം രോഗികൾക്കുണ്ട്, ആവശ്യമെങ്കിൽ, ഒരു ദ്വിഭാഷിയെ ഏർപ്പാടാക്കുന്നതാണ്. (അങ്ങനെ ചെയ്യുന്നത് വൈദ്യപരമായി ശുപാർശ ചെയ്യപ്പെടാത്ത സാഹചര്യത്തിൽ ഒഴികെ; സാഹചര്യം ഇങ്ങനെയാണെങ്കിൽ, വിവരങ്ങൾ രോഗിയുടെ രക്ഷാകർത്താവിനോ പ്രായപൂർത്തിയാകാത്ത വ്യക്തിയാണെങ്കിൽ മാതാപിതാക്കൾക്കോ നിയമപരമായി അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള വ്യക്തിക്കോ നൽകേണ്ടതാണ്).

III. ലഭ്യമായ സേവനങ്ങൾക്കായുള്ള ആരോഗ്യ ഫെസിലിറ്റികളുടെ നിരക്കുകളെ കുറിച്ചും ലഭ്യമായ പേയ്മെന്റ് രീതികളെ കുറിച്ചും അറിയാനും ചികിത്സാ തിരഞ്ഞെടുപ്പുകളുടെ ഉടനടിയുള്ളതും ദീർഘകാലാടിസ്ഥാനത്തിൽ ഉള്ളതുമായ സാമ്പത്തിക അനന്തരഫലങ്ങളെ കുറിച്ച് അറിയാനും രോഗികൾക്ക് അവകാശമുണ്ട്.

IV. ഫെസിലിറ്റിയുടെ ആന്തരിക നയം പാലിച്ചുകൊണ്ട്, എക്സ്-റേകൾ, രോഗനിർണ്ണയ റിപ്പോർട്ടുകൾ, ഹോസ്പിറ്റൽ ഡിസ്ചാർജ് റിപ്പോർട്ടുകൾ/ചുരുക്കവിവരണം എന്നിവ ഉൾപ്പെടെയുള്ള മെഡിക്കൽ റിപ്പോർട്ടുകളുടെ ഒരു പകർപ്പ് അഭ്യർത്ഥിക്കുന്നതിനുള്ള അവകാശം രോഗിക്കുണ്ട് (അങ്ങനെ ചെയ്യുന്നത് വൈദ്യപരമായി ശുപാർശ ചെയ്യപ്പെടാത്ത സാഹചര്യത്തിൽ ഒഴികെ; സാഹചര്യം ഇങ്ങനെയാണെങ്കിൽ, വിവരങ്ങൾ രോഗിയുടെ രക്ഷാകർത്താവിനോ പ്രായപൂർത്തിയാകാത്ത വ്യക്തിയാണെങ്കിൽ മാതാപിതാക്കൾക്കോ നിയമപരമായി അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള വ്യക്തിക്കോ നൽകേണ്ടതാണ്").

### 4. തീരുമാനം എടുക്കുന്നതിൽ പങ്കെടുക്കൽ

I. ചികിത്സ നിരസിക്കുന്നതിനുള്ള അവകാശം ഉൾപ്പെടെ, തങ്ങളുടെ പരിചരണത്തെ കുറിച്ചും ചികിത്സയെ കുറിച്ചുമുള്ള തീരുമാനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവകാശം രോഗികൾക്കുണ്ട് (നിയമങ്ങൾ അനുവദിച്ചിട്ടുള്ള പരിധിയോളം). രോഗിയുടെ സമ്മതമോ വിസമ്മതമോ രോഗിയുടെ മെഡിക്കൽ റെക്കോർഡിൽ രേഖപ്പെടുത്തേണ്ടതാണ്.

II. രണ്ടാമതൊരാളിൽ നിന്ന് അഭിപ്രായം ചോദിക്കുന്നതിനുള്ള അവകാശം രോഗിക്കുണ്ട്.

III. ക്ലിനിക്കൽ ട്രയലുകളിലും മെഡിക്കൽ ഗവേഷണത്തിലും പങ്കെടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ ഇല്ലയോ എന്ന കാര്യം തീരുമാനിക്കുന്നതിനുള്ള അവകാശം രോഗികൾക്കുണ്ട്.

### 5. സ്വകാര്യതയും രഹസ്യാത്മകതയും

I. തങ്ങളുടെ വ്യക്തിഗത വിവരങ്ങളും മെഡിക്കൽ റെക്കോർഡുകളും സ്വകാര്യമായും രഹസ്യസ്വഭാവത്തോടെയും (ഔദ്യോഗിക അഭ്യർത്ഥന ലഭിക്കുമ്പോൾ ഔദ്യോഗിക അധികാരികൾക്ക് മെഡിക്കൽ രേഖകളും റിപ്പോർട്ടുകളും പങ്കിടേണ്ട സാഹചര്യത്തിൽ ഒഴികെ, മൂന്നാം കക്ഷിക്ക് എന്തെങ്കിലും തരത്തിൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് രോഗിയുടെ അനുമതിക്ക് വിധേയമായി മാത്രമായിരിക്കും) സൂക്ഷിക്കപ്പെടുന്നതിനും, റെക്കോർഡുകൾ വായിക്കുന്നത്, പ്രായപൂർത്തിയാകാത്തവരുടെ കാര്യത്തിൽ, രക്ഷിതാക്കളോ രക്ഷാകർത്താവോ പരിചരണം നേരിട്ട് നൽകുന്ന വ്യക്തിയോ നിയമപരമായി അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള വ്യക്തിയോ മാത്രമായി പരിമിതപ്പെടുത്തുന്നതിനുമുള്ള അവകാശം രോഗികൾക്കുണ്ട്.

II. പരിശോധനാ സമയത്തും തന്റെ കേസിന്റെ ചർച്ചയുടെ സമയത്തും ഉണ്ടായിരിക്കുന്നതിന് ഒരു കുടുംബാംഗത്തെയോ നോമിനിയെയോ പിന്തുണാ വ്യക്തിയെയോ അഭ്യർത്ഥിക്കുന്നതിനുള്ള അവകാശം രോഗികൾക്കുണ്ട്.

III. ശാരീരിക പരിശോധനയുടെയും ചികിത്സയുടെയും വേളയിൽ സ്വകാര്യതയ്ക്കും ബഹുമാനത്തിനുമുള്ള അവകാശം രോഗികൾക്കുണ്ട്.

### 6. പരാതിയും ഫീഡ്ബാക്കും

I. ആരോഗ്യപരിപാലന ഫെസിലിറ്റികളുടെ മാനേജ്മെന്റിന്, ഫീഡ്ബാക്ക് നൽകുന്നതിനും, തങ്ങൾക്ക് ലഭിച്ചിട്ടുള്ള പരിചരണത്തെ കുറിച്ച് സംതൃപ്തി ഇല്ലെങ്കിൽ പരാതി സമർപ്പിക്കുന്നതിനുള്ള അവകാശവും പരിഹരിക്കപ്പെടുന്നില്ലെങ്കിൽ, ഫിറ്റ്നസ് ടു പ്രാക്റ്റീസ് ഡിപ്പാർട്ട്മെന്റ്/ഖത്തർ കൗൺസിൽ ഫോർ ഹെൽത്ത്കെയർ പ്രാക്റ്റീഷണേഴ്സ് അറ്റ് എംഒപിഎച്ച് മുഖേന അന്വേഷണം നടത്തുന്നതിന് ജിഎച്ച്സിസിക്ക് പരാതികൾ സമർപ്പിക്കുന്നതിനുള്ള അവകാശവും രോഗികൾക്കുണ്ട്.

II. സേവന ദാതാവിനോ എഫ്ടിപി ഡിപ്പാർട്ട്മെന്റിനോ നൽകിയിട്ടുള്ള ഏതൊരു പരാതിയും സൂക്ഷ്മമായും വസ്തുനിഷ്ഠമായും ഉചിതമായും അന്വേഷിക്കുമെന്നും അനന്തരഫലങ്ങളെ കുറിച്ച് അറിയിക്കുമെന്നും പ്രതീക്ഷിക്കുന്നതിനുള്ള അവകാശം രോഗികൾക്കുണ്ട്.

## ഉത്തരവാദിത്തങ്ങൾ

മെഡിക്കൽ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിനുള്ള ന്യായമായ എല്ലാ ഘട്ടങ്ങളും പാലിക്കുന്നതിൽ തന്റെ പങ്ക് വഹിക്കുമെന്ന്, നൽകപ്പെടുന്ന പരിചരണവും ഒപ്പം/അല്ലെങ്കിൽ ചികിത്സയും അംഗീകരിച്ചുകൊണ്ട്, രോഗികൾ സമ്മതിക്കുന്നു, ഇത് രോഗികളുടെയും അവരുടെ പ്രതിനിധികളുടെയും ഭാഗത്ത് നിന്ന് ചില ഉത്തരവാദിത്തങ്ങൾ ആവശ്യപ്പെടുന്നു.

### 1. മറ്റുള്ളവരോടുള്ള ബഹുമാനം

I. പരിചരണ ദാതാക്കളോടും സ്റ്റാഫിനോടും മറ്റ് രോഗികളോടും, അന്തസ്സോടെയും ആദരവോടും ബഹുമാനത്തോടും പെരുമാറാനും ദാതാവിന്റെ നിയമങ്ങളും സുരക്ഷാ നിയന്ത്രണങ്ങളും പാലിക്കാനും രോഗികൾക്ക് ഉത്തരവാദിത്തമുണ്ട്.

II. മറ്റുള്ളവരുടെ സ്വകാര്യതയും രഹസ്യാത്മകതയും ബഹുമാനിക്കുന്നതിന് രോഗികൾക്ക് ഉത്തരവാദിത്തമുണ്ട്.

### 2.വിവരങ്ങൾ

I. നിലവിലെ അവസ്ഥയും പണ്ടുകാലത്ത് ഉണ്ടായ അസുഖങ്ങളും ആശുപത്രി പ്രവേശനങ്ങളും മെഡിക്കേഷനുകളും ആരോഗ്യവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും ഉൾപ്പെടെ, തങ്ങളുടെ ആരോഗ്യം, മെഡിക്കൽ ചരിത്രം എന്നിവയെ കുറിച്ച്, തങ്ങളുടെ അറിവിൽ പെട്ടിടത്തോളം, സമ്പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ ദാതാക്കൾക്ക് നൽകുന്നതിന് രോഗികൾക്ക് ഉത്തരവാദിത്തമുണ്ട്.

II. നൽകപ്പെടുന്ന എന്തെങ്കിലും വിവരങ്ങളോ നിർദ്ദേശങ്ങളോ ആരോഗ്യ വിദ്യാഭ്യാസമോ മനസ്സിലാകാത്ത പക്ഷം, ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള ഉത്തരവാദിത്തം രോഗികൾക്കുണ്ട്.

### 3.ചികിത്സാ പദ്ധതികൾ പാലിക്കൽ

I. പരിചരണ ദാതാക്കളുമായി സഹകരിക്കുന്നതിനും പരിചരണ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും പാലിക്കാത്ത സാഹചര്യത്തിൽ എല്ലാ അനന്തരഫലങ്ങളും ബാധ്യതകളും ഏറ്റെടുക്കുന്നതിനും രോഗികൾക്ക് ഉത്തരവാദിത്തമുണ്ട്.

II. ചികിത്സാ ഉപദേശം സ്വീകരിക്കാതിരിക്കാൻ തീരുമാനിക്കുന്നുവെങ്കിൽ/ചികിത്സിക്കുന്ന ഫിസിഷ്യന്റെ അനുമതിയില്ലാതെ ചികിത്സാ പദ്ധതി മാറ്റുന്നുവെങ്കിൽ, അതിന്റെ വ്യക്തിഗത ഉത്തരവാദിത്തം രോഗികൾ ഏറ്റെടുക്കുന്നു.

III. പാർശ്വഫലങ്ങളും സങ്കീർണ്ണതകളും അനഭിലഷണീയ പ്രഭാവങ്ങളും ഉൾപ്പെടെ, ചികിത്സയെ/നടപടിക്രമത്തെ കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും, മനസ്സിലാകുന്നൊരു ഭാഷയിൽ സ്വീകരിച്ചതിന് ശേഷം, തങ്ങൾക്ക് നൽകപ്പെടുന്ന എല്ലാ സേവനങ്ങളെ (നടപടിക്രമങ്ങളും ചികിത്സകളും) കുറിച്ചുമുള്ള ഒരു വിവരങ്ങൾ ബോധ്യപ്പെട്ടുകൊണ്ടുള്ള സമ്മതത്തിൽ ഒപ്പിടാൻ രോഗികൾക്ക് ഉത്തരവാദിത്തമുണ്ട്.

### 4.അപ്പോയിന്റ്മെന്റുകൾ പാലിക്കൽ

I. അപ്പോയിന്റ്മെന്റുകൾ പാലിക്കാനും, എന്തെങ്കിലും കാരണവശാൽ അപ്പോയിന്റ്മെന്റുകളിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ ദാതാക്കളെ അറിയിക്കാനും രോഗികൾക്ക് ഉത്തരവാദിത്തമുണ്ട്.

II. ഒരു ആരോഗ്യപരിപാലന ഫെസിലിറ്റിയിൽ ആയിരിക്കുന്ന സമയത്ത്, തങ്ങളുടെ ഊഴത്തിനായി രോഗികൾ കാക്കണം, ഇതുവഴി എല്ലാ രോഗികൾക്കും ഏറ്റവും മികച്ച സേവനം നൽകാൻ പരിചരണ ദാതാക്കൾക്ക് കഴിയും.

### 5.സാമ്പത്തിക ബാധ്യതകൾ

I. തങ്ങളുടെ പരിചരണവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകൾ സമയബന്ധിതമായി നിറവേറ്റുന്നതിനുള്ള ഉത്തരവാദിത്തം രോഗികൾക്കുണ്ട്.

II. തങ്ങളുടെ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട ഇൻഷൂറൻസ് ക്ലെയിമുകളെ കുറിച്ച്, തങ്ങളുടെ അറിവിൽ പെട്ടിടത്തോളം, സമ്പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ നൽകുന്നതിനും പേയ്മെന്റ് സജ്ജീകരണങ്ങൾ ഒരുക്കാൻ ദാതാക്കളുമായി സഹകരിക്കുന്നതിനും രോഗികൾ

Fitness to Practice / Department of Healthcare Professions

لعرض الميثاق بلغات أخرى، يرجى زيارة موقع وزارة الصحة العامة (www.moph.gov.qa)

To view the Bill in other languages, please visit Ministry of Public Health Website (www.moph.gov.qa)

**For more enquiries/information or to submit your complaints, please visit the same website or call Ministry of Public Health 44070000.**

**للاستفسار او للحصول على معلومات إضافية أو عند الرغبة في تقديم شكاوى يمكن زيارة الموقع الإلكتروني المبين اعلاه أو عبر الاتصال ببدالة وزارة الصحة العامة ٤٤٠٧٠٠٠٠.**